**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1683** **20-06-2024 - ൽ മറുപടിയ്ക്ക്**

**റബ്ബർ വിലസ്ഥിരത ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ വിലത്തകർച്ചയെത്തുടർന്ന് തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റി കർഷകർ മറ്റ് കൃഷിയിലേക്ക് തിരിയുന്നതിന്റെ ഭാഗമായി വെട്ടിമാറ്റിയ തോട്ടങ്ങളുടെ കണക്ക് കൈവശമുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലം ഇത്തരത്തിൽ നാളിതുവരെ മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | റബ്ബറിന്റെ വിലയിൽ ഇടിവുണ്ടായതുമൂലവും കൂടുതൽ ലാഭകരമായ മറ്റ് വിളകൾ സംസ്ഥാനത്ത് കൃഷിയ്ക്ക് ലഭ്യമായത് മൂലവും നിരവധി തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റി മറ്റു വിളകൾ വച്ച് പിടിപ്പിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ വെട്ടിമാറ്റിയ തോട്ടങ്ങളുടെ കണക്ക് സംബന്ധിച്ച വിവരം കൃഷി വകുപ്പിൽ ലഭ്യമല്ല. കർഷകർ റബ്ബർ വെട്ടിമാറ്റി മറ്റു വിളകൾ വച്ച് പിടിപ്പിക്കുന്ന പ്രവണത റബ്ബർ ബോർഡ് വളരെ ഗൗരവമായി വീക്ഷിച്ച് ആയത് സംബന്ധിച്ച സർവ്വേ നടത്തിവരുന്നു . |
| (ബി) | റബ്ബർ വിലസ്ഥിരത ഉറപ്പാക്കുന്നതിനും കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. കേരള സർക്കാരും , റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും , റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വിത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. 2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 170/-രൂപ എന്നത് 180/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതിയിൽപ്പെടുത്തി 2054 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വില സ്ഥിരത ഫണ്ട് 180/- രൂപയിൽ നിന്നും 250/-രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായം കൂടി ആവശ്യപ്പെട്ടുകൊണ്ട് പലതവണകളായി കേന്ദ്രസർക്കാരിന് കത്ത് നൽകുകയും ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | കേന്ദ്രമന്ത്രിയെ നേരിൽ കണ്ടും കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ